# കേരള കാർഷിക സർവ്വകലാശാല
## കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ

*Phone No: 0460 2227287, E-mail: prspanniyur@kau.in*

നമ്പർ:PRSPNR/2020/2025-P3 06-12-2025

**<u>ക്വട്ടേഷൻ പരസ്യം</u>**

കുരുമുളക് ഗവേഷണ കേന്ദ്രം പന്നിയൂരിൽ താഴെ പറയുന്ന ജോലികൾ ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ ചെയ്ത് തീർക്കുവാൻ ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

1. ഫാമിലെ വിവിധയിനം കൃഷിപ്പണികൾ (പുരുഷ തൊഴിലാളികൾക്ക് ചെയ്യാവുന്നത്)
2. ഫാമിലെ വിവിധയിനം കൃഷിപ്പണികൾ (സ്ത്രീ തൊഴിലാളികൾക്ക് ചെയ്യാവുന്നത്)

താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ ഒരുതൊഴിലാളിക്കുള്ള ഒരു ദിവസത്തെ നിരക്ക് പ്രത്യേകം രേഖപ്പെടുത്തി മുദ്രവെച്ച കവറിൽ" സ്ത്രീ/ പുരുഷ തൊഴിലാളികളെ നൽകുന്നതിനായുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തി 15.12.2025 ഉച്ചയ്ക്ക് 3 മണിക്ക് മുമ്പായി അസി. പ്രൊഫസർ &ഹെഡ്,കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ, കാഞ്ഞിരങ്ങാട് പി.ഒ, 670142 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. കരാറുകാരന്റെ മേൽവിലാസം, ഫോൺ നമ്പർ അടങ്ങിയ തിരിച്ചറിയൽ രേഖ ക്വട്ടേഷനൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്. ക്വട്ടേഷനിൽ ഒരു പുരുഷ തൊഴിലാളിയുടെയും ഒരു സ്ത്രീ തൊഴിലാളിയുടെയും ഒരു ദിവസത്തെ കൂലി പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. മുകളിൽ പറഞ്ഞ ഓരോ ജോലിക്കും പ്രത്യേകം പ്രത്യേകം ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്. ഓരോ ക്വട്ടേഷനോടൊപ്പം 500/- രൂപ നിരതദ്രവ്യം അടയ്ക്കേണ്ടതാണ്.

ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 22.12.2025 ഉച്ചക്ക് ശേഷം 3.00 മണി വരെയാണ്. അന്നു തന്നെ 3.30 മണിക്ക് ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ നിരക്ക്, എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതുമായിരിക്കും. വൈകി കിട്ടുന്നതും പൂർണ്ണമല്ലാത്തതുമായ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ തുറന്ന് നടപടികൾ പൂർത്തികരിക്കുന്നതായിരിക്കും.ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം അസി. പ്രൊഫസർ &ഹെഡിൽ നിക്ഷിപ്തമാണ്.

ക്വട്ടേഷൻ അംഗീകരിച്ച് അറിയിപ്പ് ലഭിച്ചാൽ 5000/- രൂപ (അയ്യായിരം രൂപ മാത്രം) സെക്യൂരിറ്റി ഡെപ്പോസിറ്റായി ഓഫീസിൽ അടയ്ക്കേണ്ടതാണ്. ഫാമിലെ ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ തൊഴിലാളികളെ സമയബന്ധിതമായി നൽകേണ്ടതാണ്. ജോലികൾ ഫാമിലെ ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ചെയ്യേണ്ടതാണ്.വേതനത്തിനായി ആകെ തൊഴിൽ ദിനങ്ങൾ കണക്കാക്കി ഇൻവോയ്സ് (2 കോപ്പി) ഓഫീസിൽ നൽകേണ്ടതാണ്. നിയമപ്രകാരമുള്ള ആദായനികുതി കിഴിവ് ചെയ്യുന്നതിനായി കരാർ ലഭിക്കുന്ന വ്യക്തിപാൻകാർഡിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

**<u>നിബന്ധനകൾ</u>**

1. കായിക ശേഷിയുള്ള 18 നും 60 നും ഇടയിൽ പ്രായമുള്ള തൊഴിലാളികളെയായിരിക്കണം ജോലിക്കായി നൽകേണ്ടത്. നിയോഗിക്കപ്പെടുന്നവരുടെ തിരിച്ചറിയൽ രേഖ, ആരോഗ്യ സർട്ടിഫിക്കറ്റ് എന്നിവ ഓഫീസിൽ മുൻകൂട്ടി നൽകേണ്ടതാണ്.
2. ജോലി സമയം ഫാമിന്റെ പ്രവൃത്തി സമയത്തിനനുസൃതമായിരിക്കും (രാവിലെ 8 മുതൽ വൈകുന്നേരം 5 വരെ)
3. ഈ ക്വട്ടേഷൻ പ്രകാരം ജോലിക്ക് നിയോഗിക്കുന്ന തൊഴിലാളികൾക്ക് ജോലികൾക്കിടയിലുണ്ടാകുന്ന അപകടങ്ങൾക്ക്/ കഷ്ടനഷ്ടങ്ങൾക്ക് കേരള കാർഷികസർവ്വകലാശാല യാതൊരുവിധ ഉത്തരവാദിത്വവും ബാധ്യതയും വഹിക്കുന്നതല്ല.
4. ഓരോ ദിവസവും സ്റ്റേഷൻ മേധാവി ആവശ്യപ്പെടുന്ന തൊഴിലാളികളുടെ നിശ്ചിത എണ്ണം തലേ ദിവസം മുൻകൂട്ടി മേലധികാരികളിൽ നിന്നും അറിഞ്ഞിരിക്കേണ്ടതാണ്. അവധി ദിവസങ്ങളിൽ ജോലി ചെയ്യാൻ അനുവദിക്കുന്നതല്ല. കരാറുകാരന്റെ/ തൊഴിലാളികളുടെ കൃത്യവിലോപം, അശ്രദ്ധമൂലം ഫാമിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. കൂടാതെ അതിന്റെ നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.
5. ജോലികൾ തൃപ്തികരമല്ലെങ്കിൽ ക്വട്ടേഷൻ കരാർ യാതൊരു മുന്നറിയിപ്പും കൂടാതെ അവസാനിപ്പിക്കാനുള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും
6. ഇപ്രകാരം കരാർ ഏറ്റെടുക്കുന്ന കരാറുകാരനോ, ജോലിയ്ക്ക് നിയോഗിക്കുന്ന തൊളിലാളിക്കോ ജോലിയുടെ വേതനം കൈപ്പറ്റുവാൻ മാത്രമേ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. സർവ്വകലാശാലയുടെ നിയമനങ്ങളിൽ യാതൊരുവിധ പരിഗണനയ്ക്കോ മുൻഗണനയ്ക്കോ മറ്റ് ആനുകൂല്യങ്ങൾക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.

7. ക്വട്ടേഷൻ സംബന്ധിച്ച സർക്കാർ/സർവ്വകലാശാല നിബന്ധനകളെല്ലാം ഇതിനും ബാധകമായിരിക്കും.
8. വിശദവിവരങ്ങൾക്ക് പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കേണ്ടതാണ്. ഫോൺ നമ്പർ: 0460 2227287/8921082050

ഡോ.വിക്രം

എച്ച്.സി

Signed by

Vikram H C

Date: 06-12-2025 14:47:39

അസി. പ്രൊഫസർ &ഹെഡ്

സ്വീകർത്താവ്:-

1. ഡോ. സഞ്ജു ബാലൻ, അസിസ്റ്റന്റ് പ്രൊഫസർ(ഫാം ഇൻ ചാർജ്)
2. നോട്ടീസ് ബോർഡ് /കെ.വി.കെ കണ്ണൂർ
3. വില്ലേജ് ഓഫീസ് (പന്നിയൂർ)
4. കറുമാത്തൂർ പഞ്ചായത്ത് ഓഫീസ് (കറുമാത്തൂർ)
5. ഡിസ്ട്രിക്റ്റ് അഗ്രിക്കൾച്ചറൽ ഫാം, കരിമ്പം.